


# നിക്കോദേമോസിന്റെ വിശ്വാസപ്രഘോഷണം

(യോഹ. 3:1 – 21; ഹെബ്രാ. 6:9 – 15; നിയമാ. 18:9 – 22; ഏശയ്യാ 48:12 – 20)

ബ്ര. ബിനു കുളങ്ങര MCBS

Vol. 10, Issue: 38

ദനഹാക്കാലം അഞ്ചാം ഞായറാഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ വളരെ അർത്ഥവത്തായ ഒരു സന്ദേശം തിരുസഭാമാതാവ് ഇന്നത്തെ നാല് വായനകളിലൂടെ നമുക്ക് പകർന്നുനൽകുന്നുണ്ട്. ആദ്യത്തെ രണ്ട് പഴയനിയമ വായനകൾ ക്രിസ്തുവിലേയ്ക്ക് വിരൽചൂണ്ടുന്ന ബൈബിൾ ഭാഗങ്ങളാണ്. നിയമാവർത്തന പുസ്തകം 18-ാം അദ്ധ്യായം 14 മുതലുള്ള വാക്യങ്ങൾ, ദൈവം അയയ്ക്കാനിരിക്കുന്ന ശക്തനായ ഒരു പ്രവാചകനെപ്പറ്റി പ്രതിപാദിക്കുന്ന വചനഭാഗമാണ്. അവിടെ, ഒരു യഥാർത്ഥ പ്രവാചകൻ ദൈവത്താൽ പ്രചോദിതനായി പറയുന്ന കാര്യങ്ങൾ തീർച്ചയായും നിറവേറുമെന്ന് വചനം ഉറപ്പുതരുന്നു. വീണ്ടും ഏശയ്യാ പ്രവചനം 48-ാം അധ്യായം, ചരിത്രത്തിലൂടെ ഇസ്രായേലിനെ നയിക്കുന്ന ദൈവീകപരിപാലനയെയാണ് ഉയർത്തിക്കാണിക്കുന്നത്. പുതിയ ഇസ്രായേലായ സഭയുടെ വിമോചകൻ ആയും ഇസ്രായേലിന്റെ പരിശുദ്ധനായി ക്രിസ്തു കടന്നുവരുമെന്ന് ഏശയ്യാ ദീർഘദർശി ദൈവകൃപയാൽ മുൻകൂട്ടിത്തന്നെ പ്രവചിക്കുന്നു. ഈ പഴയനിയമ വായനകളുടെ അർത്ഥതലങ്ങൾ ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനത്തിലും വ്യക്തമായി നിഴലിക്കുന്നുണ്ട്. അവിടെ മെൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള നിത്യപുരോഹിതനായിട്ടാണ് ഈശോ അവതരിപ്പിക്കപ്പെടുന്നത്.

ദൈവത്തിന്റെ നിത്യമായ വാഗ്ദാനവും രക്ഷയുടെ കവാടവുമായ ക്രിസ്തുവിലേക്കുള്ള വചന വാതായനങ്ങളാണ് ഈ മൂന്നു വായനകൾ. ഈ വചനഭാഗങ്ങളുടെ അന്തസത്ത അതിന്റെ പൂർണ്ണതയിൽ ഇന്നത്തെ സുവിശേഷഭാഗത്ത് ആവിഷ്കരിക്കപ്പെടുമ്പോൾ സത്യവാനായ ഒരു പ്രവാചകനായും, പുതിയ ഇസ്രായേലിന്റെ വിമോചകനായും, നിത്യപുരോഹിതനായും, നിക്കൊദേമോസുമായി സംവദിക്കുന്ന ഈശോയെ നാം കണ്ടുമുട്ടുന്നു.

ഒരിക്കൽ മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ ഇപ്രകാരം പറഞ്ഞു: “നല്ല മനുഷ്യരുടെ

ചെറിയ തെറ്റിദ്ധാരണ ദുഷ്ടരുടെ വലിയ തെറ്റിദ്ധാരണയേക്കാൾ നിരാശാജനകമാണ്.'' ഇന്നത്തെ സുവിശേഷവായനയിലൂടെ നാം കടന്നുപോകുമ്പോഴും ദൈവീകമായ ചില സത്യങ്ങളെപ്പറ്റി തെറ്റിദ്ധാരണയോടും അവ്യക്തമായ ബോധത്തോടും കൂടി നിൽക്കുന്ന നിക്കൊദേമോസിനെ കണ്ടുമുട്ടുന്നുണ്ട്. ഒരു യഹൂദ ന്യായാധിപസംഘത്തിലെ അംഗമായിരുന്നെങ്കിലും യേശുവിൽ നിറഞ്ഞൊഴുകിയ ദൈവീകസാന്നിദ്ധ്യത്തെ തിരിച്ചറിഞ്ഞ് രാത്രിയുടെ മറയിലാണെങ്കിലും യേശുവിലുള്ള തന്റെ ശക്തമായ വിശ്വാസപ്രഘോഷണം ഉദ്ഘോഷിക്കുകയാണ് നിക്കൊദേമോസ്. തുടർന്നുള്ള ആഴമായ ദൈവീക സംഭാഷണത്തിൽ നിക്കൊദേമോസ് ഒരു യേശുശിഷ്യ മനോഭാവത്തിലേയ്ക്ക് പരകായ പ്രവേശനം നടത്തുന്നതായിട്ടാണ് നാം കാണുന്നത്. ഇവിടെ സമാരംഭിക്കുന്ന ഗുരു-ശിഷ്യബന്ധം യോഹന്നാന്റെ സുവിശേഷം 7-ാം അധ്യായത്തിൽ മുളപൊങ്ങി നിൽക്കുന്നതായി നാം കാണുന്നുണ്ട്. യഹൂദർ യേശുവിനെതിരെ വിവിധ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ യേശുവിനുവേണ്ടി നിലകൊള്ളുന്ന ഒരു ശിഷ്യഭാവം നാം നിക്കോദേമൂസിൽ ദർശിക്കുന്നു. ഈ ഒരു ഗുരു-ശിഷ്യ ബന്ധം അതിന്റെ പരകോടിയിൽ പ്രകടമാകുന്നത് ഈശോയെ സംസ്കരിക്കാൻ നൂറ് റാത്തലോളം സുഗന്ധദ്രവ്യവുമായി നിക്കൊദേമോസ് കടന്നുവരുമ്പോഴാണ്. തന്റെ ഉറ്റ ശിഷ്യന്മാർ യേശുവിനോടൊപ്പം രക്ഷാകര സഹനത്തിൽ പങ്കുചേരാതെ ഒളിച്ചോടുമ്പോൾ നിക്കൊദേമോസ്, യഹൂദൻ എന്തു പറയുന്നെന്ന് ഭയപ്പെടാതെ സധൈര്യത്തോടെ തന്റെ ശിഷ്യത്വമുഖം ലോകത്തിനുമുമ്പിൽ തെളിച്ചുപിടിക്കുന്നു.

അടയാളങ്ങൾ കണ്ടാണ് നിക്കൊദേമോസ് യേശുവിൽ ആകൃഷ്ടനായതെങ്കിലും ബൗദ്ധീകവും അപൂർണ്ണവുമായ ഈ നല്ല മനുഷ്യന്റെ വിശ്വാസത്തെ ക്രിസ്തു തന്റെ അനന്തമായ ജ്ഞാനത്താൽ നവീകരിക്കുകയാണിവിടെ. വിശ്വാസത്തിലേയ്ക്ക് കടന്നുവരാനുള്ള വ്യവസ്ഥ ജനനമാണ്. വീണ്ടും ജനിക്കണം എന്നതുകൊണ്ട് യേശു അർത്ഥമാക്കുന്നത് പുതിയ ജീവിതത്തിന് അർത്ഥം കുറിക്കണമെന്നാണ്. ഇവിടെ ജീവിതത്തിന്റെ വിവിധ ആഭിമുഖ്യങ്ങളിൽ മാറ്റമുണ്ടാകണം. എങ്ങനെയാണ് വീണ്ടും ജനിക്കുക എന്ന ചോദ്യത്തിന്, ആത്മാവാലും ജലത്താലുമെന്നാണ് ഈശോയുടെ മറുപടി. വിശ്വാസത്തിന്റെ വിത്ത് മനുഷ്യഹൃദയങ്ങളിൽ നിക്ഷേപിക്കുന്നതും, നിലനിർത്തുന്നതും, പരിപോഷിപ്പിക്കുന്നതും പരിശുദ്ധാരൂപിയാണ്. ഉള്ളിൽ വസിക്കുന്ന പരിശുദ്ധാരൂപിയോട് വിധേയപ്പെട്ട് മിശിഹാ കാണിച്ചുതരുന്ന വെളിച്ചത്തിന്റെ മാർഗ്ഗത്തെ പിന്തുടരുമ്പോഴാണ് വിശ്വാസം ഒരുവനിൽ സമൃദ്ധമായി ഫലമണിയുന്നത്. ഒരോ മനുഷ്യന്റെയും ദൈവവിശ്വാസം തഴച്ചുവളരേണ്ടത് വിശുദ്ധ ബലിയുടെ ആന്തരീകമായ ആത്മീയസ്വീകരണത്തിലൂടെയാണ്. വിശുദ്ധ കുർബാനയിലൂടെ നാം കടന്നുപോകുമ്പോൾ നമ്മുടെ പാപമോചനത്തിനായി ആത്യന്തികമായി നമ്മുടെ രക്ഷയ്ക്കായി കാൽവരിയിൽ ജീവനർപ്പിച്ച നമ്മുടെ നാഥന്റെ ദിവ്യ ഓർമ്മയെയാണ് നാം ആഘോഷിക്കുന്നത്. ഓരോ വിശുദ്ധ കുർബാനയിലും നാം ഈശോയെ ജീവിതത്തിൽ സ്വന്തമാക്കുമ്പോൾ തിരിച്ചറിയണം നാം ആത്മാവിലും ജലത്താലും വീണ്ടും ജനിക്കുകയാണെന്ന്. കാരണം, കുരിശുമരണത്താൽ ക്രിസ്തു നേടിത്തന്ന എല്ലാ കൃപാവരങ്ങളും അതേ അവസ്ഥയിൽ വിശുദ്ധ ബലിയിലൂടെ നമ്മിലേയ്ക്ക് ഒഴുകിവരുന്നുണ്ട്. അതിനാൽ, ഈയൊരു നല്ല തിരിച്ചറിവോടെ ഇന്നത്തെ ബലിയിൽ ഈ വചനഭാഗങ്ങളെ ഹൃദയത്തോട് ചേർത്തുവച്ച് നമുക്കും പരിശുദ്ധാത്മകൃപയാൽ ആഴമായി നവീകരിക്കപ്പെട്ട് പുതിയൊരു ക്രിസ്തീയജീവിതം കെട്ടിപ്പടുക്കാം.